# കുത്തകബോധങ്ങളെ ചോദ്യം ചെയ്ത ജനാധിപത്യ സമരം

ഡോ. എ.കെ. രാമകൃഷ്ണൻ

**കേരള** സമൂഹത്തിൽ ഈ സമരത്തെക്കുറിച്ച് ഒരുപാട് തെറ്റിദ്ധാരണകൾ പരക്കുകയുണ്ടായി. ദേശാഭിമാനിയും കൈരളിയുമെല്ലാം അത് കുറെ ദിവസങ്ങളായി തുടർന്നുകൊണ്ടിരിക്കുകയാണ്. ഇത്തരം ശ്രമങ്ങളിലൂടെ മുഖ്യധാരാരാഷ്ട്രീയ കക്ഷികളും ചില മാധ്യമങ്ങളും സമരം ചെയ്യാനുള്ള കുത്തക തങ്ങൾക്കാണെന്ന് ഉറപ്പിച്ച് പറയുകയാണ്. ആ കുത്തകയെ ചോദ്യം ചെയ്തുകൊണ്ട് ജനവിഭാഗങ്ങളുടെ ഒരു കൂട്ടായ്മ ഉയർന്നുവന്നപ്പോൾ അതിന്റെ അടിസ്ഥാനത്തെ ഇല്ലായ്മ ചെയ്യാനുള്ള ശ്രമമാണ് ഇത്തരം പ്രചരണങ്ങളിലൂടെ നടക്കുന്നത്. ഒരു ജനാധിപത്യ സമൂഹത്തിൽ വ്യത്യസ്ത താത്പര്യങ്ങളുള്ള ജനവിഭാഗങ്ങൾക്ക് സാമൂഹിക പ്രവർത്തനം നടത്താനുള്ള, സമരം ചെയ്യാനുള്ള സ്വാതന്ത്രമുണ്ട് എന്ന അടിസ്ഥാന അവകാശമാണ് ഇതിലൂടെ അട്ടിമറിക്കപ്പെടുന്നത്. ആന്റണിയുടെ പോലീസുമാതിരിയല്ല കൊമ്പും നഖവുമുള്ള പോലീസാണ് ഞങ്ങളുടേതെന്നാണ് മുഖ്യമന്ത്രി ചർച്ചക്ക് ചെന്നവരോട് പറഞ്ഞത്. ളാഹ ഗോപാലൻ സൂചിപ്പിച്ചതുപോലെ നാരായണ പണിക്കരോ വെള്ളാപ്പള്ളി നടേശനോ ചർച്ചക്ക് പോയാൽ ഇത്തരമൊരു പ്രസ്ഥാവന മുഖ്യമന്ത്രിയുടെ ഭാഗത്ത് നിന്ന് ഒരിക്കലുമുണ്ടാകില്ല. ഇത്തരം പ്രസ്താവനകളിൽ അന്തർലീനമായിരിക്കുന്ന ജനാധിപത്യവിരുദ്ധതയാണ് നമ്മെ ഏറ്റവും അലട്ടുന്നത്. അവരവരുടെ ആവശ്യങ്ങൾക്കായി സമരം ചെയ്യുന്നതിനുള്ള അവകാശം ജനാധിപത്യ സംവിധാനത്തിൽ തീർച്ചയായും ഉണ്ടാകേണ്ടതാണ്.

ഇന്ന് ഇവിടെ കൂടിയിരിക്കുന്ന ഐക്യദാർഢ്യസമ്മേളനം ഇക്കാര്യം സമൂഹത്തിൽ അവതരിപ്പിക്കുവാൻ കഴിയുന്ന ഒരു വേദിയായി മാറണം. സ്വതന്ത്രമായ ജനാധിപത്യ നിലപാട് മുന്നോട്ട് നയിക്കുന്ന ഒരു സമരമായി ചെങ്ങറ സമരത്തെ നാം കണക്കാക്കണം. അങ്ങിനെ കണക്കാക്കിയാൽ മാത്രമേ സമരം നമ്മുടെ മുന്നിലേക്കെറിയുന്ന രാഷ്ട്രീയ സാമൂഹിക ചോദ്യങ്ങളെ അഭിമുഖീകരിക്കാൻ കഴിയുകയുള്ളൂ.

സമരത്തിനെതിരെ നാളുകളായി ഉന്നയിച്ച് വരുന്ന ആരോപണങ്ങൾ നമ്മൾ ഇന്ന് അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇസ്രായേലിൽനിന്നും അവിടത്തെ കമ്മ്യൂണിസ്റ്റ് പാർട്ടി അംഗമായ ചെറുപ്പക്കാരൻ വന്നപ്പോൾ അയാൾ ഇസ്രായേലി ചാരനാണെന്നാണ് പോലീസ് പറഞ്ഞത്. എന്തിനാണ് വെള്ളക്കാരെ ഇത്രത്തോളം ഭയക്കുന്നത്. സമരം ചെയ്യുന്ന കറുത്ത നിറമുള്ളവരേയും പൊതുസമൂഹം ഭയക്കുന്നുണ്ട്. പൊതു സമൂഹത്തിന്റെ ഇരുനിറമുള്ള, സാധാരണ കേരളീയത്തനിമ എന്ന് പറയുന്ന നിറത്തിൽപ്പെടുന്നവരെ മാത്രം അംഗീകരിക്കുക എന്നത് ഒരു രോഗമാണ്. ഇത് ഫാസിസ്റ്റുകൾക്കിടയിലായിരുന്നു ധാരാളമായിയുണ്ടായിരുന്നു. അവരുടെ ലോകത്തിന് പുറത്തുള്ളവരെ ശത്രുക്കളായി കാണുക എന്നുള്ളത് ഫാസിസ്റ്റുകൾക്കിടയിലുണ്ടായിരുന്ന നിലപാടാണ്. നമുക്ക് ഇത്രയും കാലം

**കേരളീയ പൊതുസമൂഹത്തിൽ നാളുകളായി തളം കെട്ടി നിൽക്കുന്ന കുത്തകബോധങ്ങളുടെ ആകെ തുകയാണ് ചെങ്ങറ സമരത്തിനെതിരെയുള്ള ആരോപണങ്ങൾ. ചെങ്ങറ സമരം ഇത്തരം ബോധങ്ങളെയെല്ലാം പൊളിച്ചുകൊണ്ട് യഥാർത്ഥ പുരോഗമനാത്മകനിലപാടിലേക്കാണ് പോയികൊണ്ടിരിക്കുന്നത്. വിഭവങ്ങൾക്ക് മേലുള്ള അധികാരത്തിലൂടെ ഒരു സമൂഹം സുദൃഢമാകുന്ന വിധത്തിലുള്ള, അതിലൂടെ അടിസ്ഥാനാവകാശങ്ങൾ സംരക്ഷിക്കപ്പെടുന്ന വിധത്തിലുള്ള പൗരത്വം ആർജ്ജിക്കാൻ കഴിയുന്നതിലേക്ക് അടിസ്ഥാനവർഗ്ഗവിഭാഗങ്ങൾ മുന്നോട്ട് വരുന്നതാണ് യഥാർത്ഥ പുരോഗമനം.**

ഉണ്ടായിരുന്ന പുരോഗമനാത്മക മുഖംമൂടിക്ക് എന്തോ പ്രശ്നമുണ്ടാകാൻ പോകുന്നു എന്ന വേവലാതി എനിക്കുണ്ട്. അത്തരം പുരോഗമനാത്മക പുറംപൂച്ചകൾക്ക് കൂടുതൽ ശക്തമായി തിരച്ചടികൾ നൽകാൻ ചെങ്ങറ സമരത്ത് സാധിച്ചു. സമൂഹത്തിന്റെ ജനാധിപത്യവത്ക്കരണത്തിന് ആ വിധത്തിൽ ചെങ്ങറ സമരം വലിയ സഹായങ്ങൾ ചെയ്യും.

ചെങ്ങറ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് നടന്ന ചില സമരങ്ങളെ രാഷ്ട്രീയപാർട്ടികളുടെ പങ്കാളിത്തമുള്ള ചില മാധ്യമങ്ങൾ കൈകാര്യം ചെയ്തതിലുമുള്ളത് അവരുടെ കുത്തകബോധം തന്നെയാണ്. ആ സമരം നടന്ന സ്ഥലം ചാണകവെള്ളം തളിച്ച് ശുദ്ധീകരിക്കാൻ കുറെ സ്ത്രീ സംഘടനകളെ പ്രേരിപ്പിച്ചത് ഏത് ബോധമാണ്? കേരളീയ പൊതുസമൂഹത്തിൽ നാളുകളായി തളം കെട്ടിനിൽക്കുന്ന കുത്തകബോധങ്ങളുടെ ആകെ തുകയാണ് ഈ സംഭവങ്ങളെല്ലാം. ചെങ്ങറ സമരം ഇത്തരം ബോധങ്ങളെയെല്ലാം പൊളിച്ചുകൊണ്ട് യഥാർത്ഥ പുരോഗമനാത്മകനിലപാടിലേക്കാണ് പോയികൊണ്ടിരിക്കുന്നത്. വിഭവങ്ങൾക്ക് മേലുള്ള അധികാരത്തിലൂടെ ഒരു സമൂഹം സുദൃഢമാകുന്ന വിധത്തിലുള്ള, അതിലൂടെ അടിസ്ഥാനാവകാശങ്ങൾ സംരക്ഷിക്കപ്പെടുന്ന വിധത്തിലുള്ള പൗരത്വം ആർജ്ജിക്കാൻ കഴിയുന്നതിലേക്ക് അടിസ്ഥാനവർഗ്ഗവിഭാഗങ്ങൾ മുന്നോട്ട് വരുന്നതാണ് യഥാർത്ഥ പുരോഗമനം. ഭൂമി പോലെയുള്ള ഒരു പ്രാഥമിക വിഭവത്തിന്റെമേൽ അധികാരമുണ്ടായ സാമൂഹിക വിഭാഗങ്ങളെല്ലാം ഉയർന്ന നിലയിലേക്കെത്തിയത് ചരിത്രത്തിന്റെ ഭാഗമായി നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. സമൂഹത്തിൽനിന്ന് ഏറ്റവും പിന്നോക്കം പോകേണ്ടിവന്നവർ ഭൂമിപോലെയുള്ള വിഭവങ്ങളിൽനിന്ന് ഏറെ അകറ്റിമാറ്റി നിർത്തപ്പെട്ടവരാണ്. ഭൂപരിഷ്കരണത്തെ ഉയർത്തിക്കാട്ടുന്നവർക്ക് ആത്മാർത്ഥയുണ്ടെങ്കിൽ 50 കളിലേയും 60 കളിലേയും സാഹചര്യങ്ങളിൽനിന്നും വ്യത്യസ്ഥരായി കുറെകൂടി അടിസ്ഥാനവിഭാഗങ്ങളിലേക്ക് ഭൂമിയുടെ അവകാശമെത്തിക്കാൻ കഴിയുന്ന രീതിയിൽ ഭൂപരിഷ്കരണത്തെ പുനർ നിർണ്ണയിക്കേണ്ടതിന്റെ തുടക്കമായി ഇതിനെ കണക്കാക്കണം. സമരത്തിനെതിരെ ആരോപണങ്ങൾ അഴിച്ചുവിട്ടുകൊണ്ട് അതിനുള്ള സാധ്യതകൾ അടച്ചുകളയുകയല്ല വേണ്ടത്. യഥാർത്ഥത്തിൽ ദളിതരുടെ നേതൃത്വത്തിൽ നടക്കുന്ന ഒരു സമരത്തിന്റെ ഫലമായി ഭൂപരിഷ്കരണത്തെക്കുറിച്ച് പുനർചിന്ത നടത്തേണ്ടിവരുന്നതിലാണ് ഇവിടെ പലർക്കും ബുദ്ധിമുട്ടുള്ളത്.

ചെങ്ങറ സമരത്തിനെതിരെ ഉണ്ടാകുന്ന ഭീഷണികളെ അതിജീവിക്കാൻ സമരസ്ഥലത്തും സമരസ്ഥലത്തിന് പുറത്തുള്ളവർക്കും സാധിക്കണം. ഇതിനെതിരെ ശക്തമായ ഇടപെടലുകൾ പൊതുസമൂഹത്തിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. സമരം ദുർബലമാകുകയാണെങ്കിൽ ഏത് നിമിഷവും ശക്തമായൊരു പൊലീസ് നടപടിയുണ്ടാകാനുള്ള സാഹചര്യമാണ് ചെങ്ങറയിലുള്ളത്. അത് മുൻക്കൂട്ടി തടയാൻ, നീതിപൂർണ്ണമായ ഒരു സമരത്തിൽ പങ്കെടുക്കുന്ന ജനതയെ കുരുതിക്ക് കൊടുക്കാതിരിക്കാനുള്ള സാമൂഹികമായ ഉത്തരവാദിത്വം പൊതുസമൂഹത്തിനുണ്ട്.

(2008 മെയ് 3 ന് എറണാകുളത്തു നടന്ന ചെങ്ങറ ഐക്യദാർഢ്യ സമ്മേളനത്തിൽ നടത്തിയ പ്രഭാഷണം)

*ബ്രിക്ക് ഹൗസ്, എസ്.എച്ച്. മൗണ്ട്, കോട്ടയം*

1 **വാർത്താവിശകലനം**

# പുഴക്കൽപാടത്തെ ഭൂമാഫിയകൾ

കേരളീയം വാർത്താശൃംഖല

**തൃശൂർ** ജില്ലയിലെ പുഴക്കൽപാടത്ത് വൻതോതിൽ നെൽപാടങ്ങൾ നികത്തി ശോഭാഡവലപ്പേഴ്സിന്റെ നേതൃത്വത്തിൽനടക്കുന്ന ഹൈടെക് സിറ്റിയുടെ നിർമാണപ്രവർത്തനങ്ങൾക്കെതിരെ സിപിഐ (എംഎൽ) യുടെ ഭൂസമരസമിതിയുടെ നേതൃത്വത്തിൽ സമരം ആരംഭിച്ചു. നെൽകൃഷിക്കും സാമൂഹ്യസുരക്ഷക്കും ഭീഷണിയാകുന്നതരത്തിലുള്ള അനധികൃതനിർമാണങ്ങളാണ് പുഴക്കൽ, കോലഴി, കുറ്റൂർ പഞ്ചായത്തുകളിലായി വ്യാപിച്ചുകിടക്കുന്ന പുഴക്കൽ കോൾപാടങ്ങളിൽ വ്യാപകമായി നടക്കുന്നത്. സംസ്ഥാന-പ്രാദേശിക ഭരണനേതൃത്വങ്ങളും ഉദ്യോഗസ്ഥവൃന്ദവും കക്ഷിഭേദമന്യേ രാഷ്ട്രീയപാർട്ടികളും ഈ അനധികൃത പ്രവർത്തനങ്ങൾക്ക് സംരക്ഷണം നൽകുകയാണ്. കഴിഞ്ഞ മാർച്ച് മാസത്തിൽ ശോഭാസിറ്റിക്ക് മുന്നിൽ കുടിൽകെട്ടി സമരം ആരംഭിച്ച ഭൂസമരസമിതി പ്രവർത്തകരുടെ സമരപ്പന്തൽ സമരം ഉദ്ഘാടനം ചെയ്യുന്നതിന് മുമ്പ് തന്നെ പോലീസെത്തി പൊളിച്ചുമാറ്റുകയും പൊതുസ്ഥലം അനധികൃതമായി കയ്യേറിയതിന് കേസെടുത്ത് പ്രവർത്തകരെ അറസ്റ്റ്ചെയ്യുകയും ചെയ്തു. പിഎൻസി. മേനോൻ എന്ന വ്യവസായഭീമനോട് വിധേയത്വം പുലർത്തികൊണ്ട് കേരളത്തിലെ പ്രധാനമാധ്യമങ്ങളെല്ലാം അത്യന്തം ഹീനമായ ഈ പോലീസ് ഇടപെടലിന് തങ്ങളുടെ വാർത്തകളിലെവിടെയും സ്ഥാനം കൊടുത്തില്ല.

വേനൽകാലത്ത് പോലും വെള്ളം കെട്ടിനിൽക്കുന്ന പുഴക്കൽപാടത്ത് കൃഷിയിറക്കിയിരുന്ന നൂറുകണക്കിന് ദരിദ്ര ഭൂരഹിതകർഷകുടുംബങ്ങൾ ഈ മേഖലയിൽനിന്നും പുറംതള്ളപ്പെടുകയും അനാഥരാക്കപ്പെടുകയും ചെയ്തു. തൃശൂർ കോലോത്തുംപാടം മുതൽ മെഡിക്കൽ കോളജ് പ്രദേശം വരെ വ്യാപിച്ചുകിടക്കുന്ന മുണ്ടകൻപാടങ്ങളാണ് ഹൈടെക് സിറ്റിയുടെയും വികസനത്തിന്റെയും പേരിൽ അനധികൃതമായി നികത്തികൊണ്ടിരിക്കുന്നത്. മിച്ചഭൂമി പതിച്ചുകിട്ടിയ 10സെന്റ് പാടങ്ങളടക്കം വലിയ വാഗ്ദാനങ്ങൾ നൽകി കയ്യടക്കിയാണ് ശോഭാസിറ്റി കോൺക്രീറ്റ് കാടുകൾ നിർമിക്കുന്നത്. ഇതിനെതിരെ ശബ്ദിക്കുന്നവരെ പണത്തിന്റെയും ഭീഷണിയുടെയും സ്വരത്തിൽ നിശബ്ദരാക്കുകയാണ് പുഴക്കൽപാടത്ത് കേന്ദ്രീകരിച്ചിരിക്കുന്ന ഭൂമാഫിയ.

ജലസ്രോതസുകൾക്ക് നാശമുണ്ടാക്കുന്ന നിർമാണപ്രവർത്തനങ്ങൾ സമീപപ്രദേശത്ത് കടുത്ത കുടിവെള്ളക്ഷാമമുണ്ടാക്കിയിട്ടുണ്ട്, കൂടാതെ പ്രതിസന്ധികൾക്കിടയിലും കൃഷിഭൂമിസംരക്ഷിച്ചിരുന്ന പല കർഷകരും കൃഷി ഉപേക്ഷിച്ചുപോകുന്നതിനും ഇതുകാരണമായി. ഭക്ഷ്യപ്രതിസന്ധിയും വിലക്കയറ്റവും രൂക്ഷമാകുന്ന സാഹചര്യത്തിൽ പണം എറിയുന്നവർക്ക് പാടം നികത്തി അനധികൃത നിർമാണപ്രവർത്തനങ്ങൾ നടത്താൻ കൂട്ടുനിൽക്കുന്നവർ നിരവധി പ്രശ്നങ്ങൾക്ക് വൈകാതെ മറുപടി പറയേണ്ടിവരും.